പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2829.

15.12.2015-ൽ
മറുപടി നൽകേണ്ടിയിരുന്നത്.

## യു.ജി.സി ശമ്പള പരിഷ്കരണ പാക്കേജ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി.മോയിൻ കുട്ടി<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.പി.ഉബൈദുള്ള | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കോളേജുകളിൽ യു.ജി.സി. ശമ്പള പരിഷ്കരണ പാക്കേജ് പ്രകാരം ലഭിക്കേണ്ട സാമ്പത്തിക സഹായം ലഭിക്കുന്നതിൽ തടസ്സങ്ങളെന്തെങ്കിലും ഉണ്ടായിട്ടുണ്ടോ ;<br>(ബി) എങ്കിൽ അതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;<br>(സി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കാനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും | യു.ജി.സിയുടെ 2010 ൽ നടപ്പാക്കിയിട്ടുള്ള ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പ്ലേയ്സ്മെന്റുകൾ അദ്ധ്യാപകർക്ക് അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. 2010 ലെ യു.ജി.സി റഗുലേഷൻസ് പ്രകാരം പ്ലേയ്സ്മെന്റുകൾ അക്കാദമിക് പെർഫോമൻസ് ഇൻഡിക്കേറ്റർ (എ.പി.ഐ) മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അനുവദിക്കേണ്ടത്. പ്രസ്തുത മാനദണ്ഡങ്ങൾ സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ